"ഇരു ഹൃദയങ്ങളിലൊന്നായ് വീശി നവ്യ സുഗന്ധങ്ങൾ...."

നൃത്തവും, സംഗീതവും..... ഭാഷയുടെയും, സംസ്കാരത്തിന്റെയും, അതിർ വരമ്പുകൾക്ക് അപ്പുറമുള്ള ആത്മാവിന്റെ ഭാഷ. ഇവ രണ്ടിലും അഭിരമിക്കുന്ന യുവ ദമ്പതികൾ ആകട്ടെ ഈ ആഴ്ചയിലെ ദളങ്ങൾ.

"ഘന ശ്യാമ വൃന്ദാരണ്യം രാസകേളീയാമം ...."
തിരുവനന്തപുരം TB മീറ്റിൽ മേൽപ്പറഞ്ഞ ഗാനത്തിന് ഒപ്പം ചുവടുകൾ വച്ച് നമ്മുടെ മുന്നിലെത്തിയ ബാങ്കർ. ജോലി, വിവാഹം ഇവയൊന്നും ജീവിതത്തിലെ കഴിവുകൾക്കും, ആഗ്രഹങ്ങൾക്കും തടസ്സം ആകരുതെന്ന് കരുതുന്ന യുവ നർത്തകി.

ശ്രീരഞ്ജിനി
കാനറ ബാങ്ക്
എറണാകുളം സെൻട്രൽ പ്രോസസിങ് ഹബ്

ഡെപ്യൂട്ടി തഹസിൽദാർ ആയി വിരമിച്ച രവീന്ദ്രൻ നായരുടെയും, സഹകരണ ബാങ്ക് സെക്രട്ടറി ആയിരിക്കെ പരേതയായ അംബിക കുമാരിയുടെയും മൂന്ന് മക്കളിൽ ഇളയ ആൾ ആയി ചങ്ങനാശ്ശേരിക്ക് അടുത്ത് കുറിച്ചി എന്ന ഗ്രാമത്തിൽ ജനനം.

മൂത്ത സഹോദരൻ ഹരികൃഷ്ണൻ കുടുംബ സമേതം കാനഡയിൽ താമസം. ചേച്ചി ധന്യ ആർ.നായർ യൂണിയൻ ബാങ്ക് അടൂർ ബ്രാഞ്ച് മാനേജർ ആയി ജോലി നോക്കുന്നു.

പത്താം ക്ലാസ്സ് വരെ കുട്ടനാട് താലൂക്കിലെ A J John Memorial ഹൈസ്കൂളിൽ പഠനം. ചങ്ങനാശേരി NSS ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുമ്പോഴായിരുന്നു അമ്മയുടെ ആകസ്മിക വേർപാട്.

പ്ലസ് ടൂ പഠന ശേഷം കോട്ടയത്തെ സഹകരണ കോളജിൽ നിന്നും ഒരു വർഷത്തെ JDC കോഴ്സിന് ചേർന്ന് പഠിച്ചു . കോഴ്സ് വിജയകരമായി പൂർത്തി ആക്കിയതിന്
ശേഷം അമ്മ ജോലി ചെയ്ത സഹകരണ ബാങ്കിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ചു. പത്തൊമ്പതാം വയസ്സിൽ ആദ്യ നിയമനം ആലപ്പുഴ ജില്ലയിലെ കൈനടി ശാഖയിൽ ആയിരുന്നു. ജോലിയോടൊപ്പം മഹാത്മാ ഗാന്ധി സർവകാല ശലയിൽ നിന്നും പ്രൈവറ്റ് ആയി ബി കോം ബിരുദവും കരസ്ഥമാക്കി. ഒരു regular വിദ്യാർത്ഥി ആയി എൻജിനീയറിങ് കോഴ്സിന് ചേർന്ന് പഠിക്കണം എന്ന പൂവണിയാത്ത ആഗ്രഹത്തിന്റെ വിഷമം ഇപ്പോഴും ഉള്ളിൽ ഉണ്ട്.

നിലവിലെ ജോലിയേക്കാൾ കൂടുതൽ മെച്ചപ്പെട്ടത് വേണം എന്ന ആഗ്രഹത്തിൽ നിന്നാണ് ബിരുദ പഠനത്തിന് ശേഷം ആറ് മാസം

സഹകരണ ബാങ്കിലെ ജോലിയിൽ നിന്നും അവധി എടുത്ത് ബാങ്ക് കോച്ചിംഗിന്റെ മെക്ക ആയ കൊല്ലത്ത് പോയി ബാങ്ക് കോച്ചിംഗ് ക്ലാസ്സിന് ചേരാൻ ഇടയാക്കിയതും . IBPS വഴി ആദ്യ നിയമനം സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം All Saints College ശാഖയിലായിരുന്നു. 2013 ഏപ്രിലിൽ ക്ലെറിക്കൽ തസ്തികയിൽ പുതിയ ജോലിക്ക് തുടക്കമിട്ടു. പിന്നീട് സിൻഡിക്കേറ്റ് ബാങ്കിന്റെ (ഇപ്പൊൾ കാനറ ബാങ്ക്) കണ്ണൂർ നെല്ലിക്കുറ്റി ശാഖയിൽ ഓഫീസർ ആയി ഔദ്യോഗിക ജീവിതത്തിന്റെ അടുത്ത പടവ് . അവിടെ നിന്നും കൊല്ലം മെയിൻ ബ്രാഞ്ച് , ചേർത്തല, ആലപ്പുഴ റീട്ടെയിൽ ഹബ്, മണിപ്പാൽ സർക്കിൾ ഓഫീസ് വഴി ഇപ്പൊൾ എറണാകുളം സെൻട്രൽ പ്രോസസിങ് ഹബ്ബിൽ എത്തി നില്ക്കുന്നു. തുടർ പ്രൊമോഷനുകളിൽ താൽപര്യം ഇല്ലാത്തത് കൊണ്ട് അതിനായി ശ്രമിക്കുന്നും ഇല്ല.

വിവാഹ ശേഷം 9 വർഷങ്ങൾക്ക് ശേഷം പിറന്ന പ്രകൃതി ശ്രീ കാർത്തിക് എന്ന പാറുക്കുട്ടിയെ പരിപാലിക്കാൻ രണ്ടു വർഷത്തെ ദീർഘകാല അവധി എടുത്തു. അവധിക്ക് ശേഷം 2026 ജനുവരി ഒന്ന് മുതൽ വീണ്ടും സർവീസിൽ തിരികെ കയറി.

പത്താം തരം വരെയുള്ള സ്കൂൾ കാലഘട്ടത്തിൽ പഠനത്തിൽ മാത്രമല്ല, പാഠ്യേതര വിഷയങ്ങളിലും ഒരു കൈ നോക്കിയിരുന്നു. മലയാളം പ്രസംഗം, കവിത പാരായണം, തിരുവാതിര, ഒപ്പന, സംഘ നൃത്തം ഇവയിലൊക്കെ ഉപ ജില്ലാ തലം വരെ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സ്കൂൾ പഠന കാലശേഷം കലയുടെ ലോകത്ത് അധികം ഇടപെഴുകുവാൻ പല കാരണങ്ങളും കൊണ്ട് സാധിച്ചില്ല .

2022 ൽ മണിപ്പാലിൽ ജോലി നോക്കവെ ബോറടി മാറ്റാൻ വേണ്ടി ഒരു പാട് നാളത്തെ അഗ്രഹമായ ഭരതനാട്യം പഠിക്കാൻ ഓൺലൈൻ ആയി ചേർന്നു. നൃത്തത്തിൽ തുടക്കകാരി ആയത് കൊണ്ട് ആദ്യമൊക്കെ കുറെ കഷ്ടപെട്ടെങ്കിലും, പിന്നീട് അതിനൊക്കെ ഫലവും ഉണ്ടായി. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള CTDS ന്റെ രണ്ടു വർഷത്തെ ഭരത നാട്യം ഡിപ്ലോമ കോഴ്സ് വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റും കരസ്ഥമാക്കി. നൃത്തത്തോടു അഭിനിവേശം ഉള്ളതിനാൽ ഇപ്പോഴും സമയം കണ്ടെത്തി അതിനായി തുടർ പരിശീലനം നടത്തുന്നു. നിലവിൽ തൃപ്പൂണിത്തുറ RLV സുനില ടീച്ചറുടെ കീഴിൽ ഭരതനാട്യം തുടർന്ന് പഠിക്കുന്നു. 2025 നവംബറിൽ ചോറ്റാനിക്കര ദേവി ക്ഷേത്രത്തിൽ വച്ച് നൃത്ത രംഗത്തെ അരങ്ങേറ്റം എന്ന വലിയ ആഗ്രഹം സഫലമായത്തിന്റെ സന്തോഷം ശ്രീരഞ്ജിനി പങ്കു വയ്ക്കുന്നു.

കാനറ ബാങ്ക് മണിപ്പാൽ സർക്കിളിൽ സംഘടിപ്പിച്ച വേദികളിൽ ചിലതിൽ നൃത്തം അവതരിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു.

ബാങ്ക് ജീവനക്കാർക്ക് ഇടയിലെ കലാകാരന്മാരുടെയും, കലകൾ ഏറെ

ഇഷ്ടപെടുന്നവരുടെയും സംഗമ വേദിയായ ടാലന്റഡ് ബാങ്കേഴ്സിൽ ശ്രീരഞ്ജിനിയെ കൊണ്ട് വന്നത് നല്ല പാതി കാർത്തിക് ആണ്. ആദ്യമായൊരു TB വേദിയിൽ പങ്കെടുക്കുന്നത് കഴിഞ്ഞ തിരുവനന്തപുരം മീറ്റിൽ വച്ചാണ്. പിന്നീട് ആലപ്പുഴയിൽ നടന്ന ചാപ്റ്റർ മീറ്റിലും പങ്കെടുത്ത് നൃത്തം അവതരിപ്പിക്കുകയും ഉണ്ടായി. സെമി ക്ലാസിക്കൽ നൃത്തത്തിനോട് പ്രിയം. നൃത്തം കൂടുതൽ പഠിക്കാനും, പേടിയില്ലാതെ അവതരിപ്പിക്കാനും TB ഒരു പ്രചോദനം ആയിട്ടുണ്ടെന്ന് ശ്രീരഞ്ജിനി പറയുന്നു. വാർഷിക മീറ്റും, വിവിധ ചാപ്റ്റർ മീറ്റുകളും ഒക്കെയായി ഒരു പാട് വേദികൾ TB ഒരുക്കി തരുന്നത് തന്നെ പോലെ ഉള്ള പുതുമുഖക്കാർക്ക് ഒരുപാട് പ്രയോജനകരമാണെന്ന് ശ്രീ പറയുന്നു.

ഭാര്യയുടെ കലാ തട്ടകം നൃത്തരംഗം ആണെങ്കിൽ സംഗീതവും. ക്രിക്കറ്റും, കവിതയും ആണ് ഭർത്താവിന്റെ കലാ അഭിരുചികൾ.
"... മധുരമായ് പാടും മണി ശംഖുകളായ്
കാതിൽ തേൻമഴയായ് പാടൂ കാറ്റേ കടലേ..."
കാറ്റും, കായലോളങ്ങളും തഴുകുന്ന ആലപ്പുഴയിലെ ചാപ്റ്റർ മീറ്റിൽ തന്റെ സ്വര മാധുര്യവുമായി നമുക്ക് മുന്നിൽ എത്തിയ യുവ ബാങ്കർ. അതിനും മുന്നേ കൊല്ലം TB മീറ്റിൽ തന്റെ സ്വന്തം കവിത അവതരിപ്പിച്ചു കൊണ്ടും, കോട്ടയം മീറ്റിലും ശബ്ദ സൗകുമാര്യം കൊണ്ടും നമുക്ക് സുപരിചിതൻ.

കാർത്തിക് തുളസി
ഇന്ത്യൻ ബാങ്ക്
കാക്കനാട് ശാഖ
ഇന്ത്യൻ ഓവർസീസ് ബാങ്കിൽ നിന്നും വിരമിച്ച തുളസീധരൻ പിള്ളയുടെയും, കൊല്ലം ചിന്മയ വിദ്യാലയത്തിൽ നിന്നും വിരമിച്ച ലളിതാംബിക യുടെയും ഇളയ മകൻ. കുട്ടമ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ ആയ അനൂപ് തുളസി ഏക സഹോദരൻ.

സ്കൂൾ പഠനം : ഏഴാം ക്ലാസ് വരെ കുണ്ടറ ലിറ്റിൽ ഫ്ലവർ സ്കൂളിൽ. എട്ട് മുതൽ പത്ത് വരെ കൊല്ലം ചിന്മയ വിദ്യാലയത്തിൽ. പ്ലസ് ടൂ ഇളമ്പള്ളൂർ SNSMHSS ൽ നിന്നും. കൊല്ലം ടി കെ എം എൻജിനീയറിങ് കോളജിൽ നിന്നും EEE യിൽ ബിരുദം.

സ്കൂളിൽ പഠന കാര്യത്തിൽ മുന്നിൽ ഉണ്ടായിരുന്നെങ്കിലും പ്ലസ് ടൂ, ബിരുദ കാലത്ത് പഠനത്തിൽ ശരാശരിയിലേക്ക് ഒതുങ്ങി. പ്ലസ് ടൂ കഴിഞ്ഞു ഒരു വർഷം തൃശൂർ P C Thomas Institute ൽ ഒരു വർഷം എൻട്രൻസ് കോച്ചിംഗ് റിപീറ്റ് കോഴ്സ് ചെയ്ത് കൊല്ലം T K M എൻജിനീയറിങ് കോളജിൽ EEE സ്ട്രീമിൽ പ്രവേശനം ലഭിച്ചു. ബിരുദ പഠനം പക്ഷേ വിചാരിച്ച പോലെ മെച്ചമാക്കാൻ കഴിഞ്ഞില്ല. പഠനത്തിലും, കലാപരമായും ഒക്കെ പിന്നാക്കം പോയ വർഷങ്ങൾ ആയിരുന്നു അത്.

ബി ടെക് കഴിഞ്ഞു സപ്ലി എഴുതി നടന്ന കാലത്ത് തൊഴിൽ ഒന്നും

ലഭിക്കാതെ വന്നപ്പോ അച്ഛനാണ് ബാങ്ക് ജോലിക്ക് തയ്യാർ എടുക്കാൻ പ്രേരിപ്പിച്ചത്. കൊല്ലത്തെ TIME കോച്ചിംഗ് സെന്ററിൽ ആറ് മാസത്തെ പരിശീലനം. വാശിയോടെ ഉള്ള ആ പ്രയത്നത്തിന് ഫലവും ഉണ്ടായി. 2010 ജൂലൈ 30 ന് അലഹബാദ് ബാങ്കിൽ ക്ലർക്ക് ആയി കോഴിക്കോട് നിയമനം ലഭിച്ചു. 2014 ഓഫീസർ ആയി പ്രമോഷൻ. ബാങ്ക് ലയനത്തിന് ശേഷം ഇപ്പൊ ഇന്ത്യൻ ബാങ്കിന്റെ ഭാഗം. നിലവിൽ കാക്കനാട് ബ്രാഞ്ചിൽ ലോൺ ഓഫീസർ ആയി ജോലി നോക്കുന്നു.

അലഹബാദ് ബാങ്കിലെ 10 വർഷത്തെ ജീവിതം വളരെ പ്രത്യേകത നിറഞ്ഞതായിരുന്നു. വളരെ കുറച്ച് ബ്രാഞ്ചുകൾ മാത്രം ഉള്ളത് കൊണ്ട് തന്നെ ജീവനക്കാർ എല്ലാവരും തമ്മിൽ നല്ല ഇഴ അടുപ്പം ഉണ്ടായിരുന്നു. ഇഴമുറിയാതെ ആ സൗഹൃദങ്ങൾ ഇപ്പോഴും തുടരുന്നു. 2019 ൽ കേരളത്തിന് പുറത്ത് നിയമനം. മുംബൈയിൽ ഫോറെക്സ് ഓഫീസർ ആയുള്ള ആ കാലഘട്ടത്തിൽ ഔദ്യോഗിക ജീവിതത്തിന് പക്വത കൈവരിച്ച കാലമായിരുന്നു.

കോളജിൽ വച്ചു നിർത്തി വച്ച ക്രിക്കറ്റ് കളി എറണാകുളത്ത് മടങ്ങി വന്നപ്പോൾ വീണ്ടും പുനരാരംഭിച്ചു. ഇന്റർ ബാങ്ക് ടൂർണമെന്റുകളിൽ 2018 മുതൽ അലഹബാദ് ബാങ്കിന്റെയും, 2021 മുതൽ ഇന്ത്യൻ ബാങ്കിന്റെയും ടീമുകളുടെ നായകൻ. കഴിഞ്ഞ വർഷത്തെ ബാങ്കേഴ്സ് ക്ലബ് ടൂർണമെന്റിൽ യുകോ ബാങ്കിന് എതിരെ നേടിയ മാൻ ഓഫ് ദി മാച്ച് ഉൾപ്പടെ ഒരു പിടി നേട്ടങ്ങൾ ക്രിക്കറ്റിൽ നിന്നും ലഭിച്ചത് വിലമതിക്കാനാവാത്തതാണ്.

സ്കൂൾ പഠന കാലത്ത് അത്യാവശ്യം നന്നായി പാടുമായിരുന്നു. സ്കൂളിലെ സംഗീതാധ്യാപികയായ ശാന്ത ടീച്ചറുടെ പ്രിയ ശിഷ്യൻ. അന്നൊക്കെ ഓരോ മത്സരത്തിനും സമ്മാനം ആയി ലഭിച്ചിരുന്നത് ഗ്ലാസും, പ്ലേറ്റും, സോപ്പ് പെട്ടിയും ആയിരുന്നെങ്കിലും അതൊക്കെ ഒരു ഫിലിം ഫെയർ അവാർഡ് സ്വന്തമാക്കുന്ന പോലുള്ള സംതൃപ്തി ആയിരുന്നു. ശാസ്ത്രീയമായി സംഗീതം അഭ്യസിക്കാത്ത കുറവ് പിന്നീട് പാട്ടിൽ പിന്നാക്കം പോകാൻ ഇടയാക്കി. 2023 മുതൽ വീണ്ടും മുടങ്ങി പോയ സംഗീത പഠനം ഓൺലൈൻ ആയി പുനരാരംഭിച്ചു. സംഗീതം കൂടുതൽ പഠിക്കാനും, മെച്ചപ്പെട്ട രീതിയിൽ പാടാനും ആണ് ആഗ്രഹം.

മറ്റൊരു പ്രിയപ്പെട്ട മേഖല കവിത എഴുത്താണ്. സ്കൂളിൽ പഠിക്കുമ്പോൾ ചെറുതായി കവിത എഴുതുമായിരുന്നു.

ടാലന്റ്റഡ് ബാങ്കേഴ്സ് ലേക്ക് വരാൻ ഇടയാക്കിയതിന് കടപ്പാട് സഹപ്രവർത്തകനും TB യുടെ സ്വന്തവും ആയ സുധിയോടാണ്. സുധിയുടെ ഒപ്പം ഒന്ന് രണ്ടു ഷോർട്ട് ഫിലിമുകളിൽ അസിസ്റ്റന്റ് ആകുകയും ചെയ്തിരുന്നു. വീണ്ടും പാടാനും , കവിതകൾ എഴുതാനും പ്രചോദനം ആയത് TB ആണ്. ആദ്യത്തെ കവിതാ സമാഹാരം പുറത്ത് ഇറക്കാനുള്ള പണിപ്പുരയിൽ ആണിപ്പോൾ. ഇത് കൂടാതെ

കവിതകൾക്കായി TB യുടെ "ക, കവിത, കാവ്യധ്വനി" എന്ന ഗ്രൂപ്പിലും തന്റെ കവിതകൾ കൊണ്ട് സാന്നിധ്യം അറിയിച്ചതുമാണ്.

കോഴിക്കോട് TB മീറ്റിൽ കാർത്തിക് രചിച്ച് TB യുടെ സ്വന്തം രഞ്ജിനി രഞ്ജിത്ത് പാടിയ
" കല്ലായിപ്പുഴയുടെ തീരം
കൽക്കണ്ടപ്പൊടി പോലെ മധുരം
മൊഞ്ചത്തി പെണ്ണിൻ കയ്യിലെ
മൈലാഞ്ചി പോലൊരു ചന്തം
തേനൂറും മൊഹബത്തിൻ ഇമ്പം...."
ഏറേ അനുവാചക ശ്രദ്ധ നേടിയിരുന്നു.

കലയുടെ ലോകത്ത് രാഗമേളങ്ങളും, നൂപുര ധ്വനികളും ആയി തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിച്ച് കൊണ്ട് മുന്നോട്ട് പോകുന്ന ഈ യുവ ദമ്പതികൾക്ക് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം എല്ലാ വിധ ആശംസകളും നേരുന്നു.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

English version: Arya Gayathry, State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

---------------------------------------------------------------------------------------------------

“When two hearts breathe as one, new fragrances are born…”

Dance and music —they are two divine languages that travel beyond the borders of region and culture, and speak directly to the soul. This week’s Talented Bankers are a young couple who cherish both these art forms with equal passion.

“Ghanashyama Vrindaranyam Raasakeliyaamam…”

At the Thiruvananthapuram TB Meet, she stepped onto the stage to this song — a banker who believes that career, marriage, and family life should never become barriers to one’s talents and dreams.

Sreerenjini
Canara Bank
Ernakulam Central Processing Hub

Born in Kurichy, near Changanassery, Sreeranjini is the youngest of three children of Ravindran Nair, a retired Deputy Tahsildar, and the late Ambika Kumari, who served as a Secretary in a

Cooperative Bank.

Her elder brother, Harikrishnan, lives in Canada with his family. Her sister, Dhanya R. Nair, works as Branch Manager at Union Bank, Adoor.

She studied up to Class 10 at A.J. John Memorial High School in Kuttanad Taluk, and completed her higher secondary education at NSS Higher Secondary School, Changanassery. It was during this time that she faced the sudden and painful loss of her mother.

After Plus Two, she pursued and successfully completed a one-year JDC course at the Cooperative College in Kottayam. She then received a compassionate appointment at the same Cooperative Bank where her mother had worked. At just nineteen, she began her professional journey at the Kainady branch in Alappuzha district.

Alongside her job, she completed her **B.Com** degree privately from the Mahatma Gandhi University. Still, somewhere within her lingers the unfulfilled dream of studying engineering as a regular student.

The desire for something better pushed her to take a bold step. After graduation, she took six months' leave from her cooperative bank job and went to Kollam — known as a bank coaching hub— to prepare seriously for competitive exams. Through IBPS, she secured her first appointment at Central Bank of India, All Saints College Branch, Thiruvananthapuram as a clerk in April 2013.

Her next milestone was as an Officer at Syndicate Bank (now Canara Bank) at the Nellikkutti branch in Kannur. From there, her journey took her through Kollam Main Branch, Cherthala, Alappuzha Retail Hub, Manipal Circle Office, and currently to the Ernakulam Central Processing Hub. She has consciously chosen not to pursue further promotions, preferring the balance she has carved for herself.

Nine years into marriage, she was blessed with a daughter, Prakrithi Sreekarthik — their little Paarukkutty. To nurture her child, she took a two-year long leave and resumed service on January 1, 2026.

During her school days, she excelled not only academically but also in extracurricular activities — Malayalam elocution, poetry recitation, Thiruvathira, Oppana, and group dance — winning prizes up to sub-district levels. However, after school, various circumstances kept her away from the world of arts for a while.

In 2022, while working in Manipal, to break the monotony, she decided to pursue her long-cherished dream of learning Bharatanatyam. She enrolled in an online class. The beginning was not easy, but perseverance bore fruit. She successfully completed a two-year Diploma in Bharatanatyam from CTDS, an institution recognized by the Central Government, and earned her certification. She continues her training under RLV Sunila Teacher in Tripunithura. In November 2025, she fulfilled a major dream by making her Bharathanatyam arangettam at the Chottanikkara Devi Temple — a milestone she shares with immense joy.

She has also performed on stages organized by Canara Bank's Manipal Circle. It was her better half, Karthik, who introduced her to Talented Bankers. Her first TB stage appearance was at the Thiruvananthapuram Meet, followed by a performance at the Alappuzha Chapter Meet.

She has a special love for semi-classical dance. TB, she says, has given her the courage to perform without fear and the inspiration to continue learning. The many platforms TB offers through annual and chapter meets are truly a blessing for newcomers like her.

If dance is her artistic world, his is music — along with cricket and poetry.

"…Madhuramai paadum mani sanghukalay kaathil thenmazhayay paadu kaate kadale…"

At the Alappuzha Chapter Meet, amid the breeze and backwaters, he mesmerized the audience with his melodious voice. Even before that, he was familiar to many — presenting his own poem at the Kollam TB Meet and captivating listeners with his singing at the Kottayam Meet.

Karthik Thulasi
Indian Bank
Kakkanad Branch

He is the younger son of Tulasidharan Pillai, a retired employee of Indian Overseas Bank, and Lalithambika, a retired teacher from Chinmaya Vidyalaya, Kollam. His elder brother, Dr. Anoop Thulasi, serves at the Kuttampuzha Primary Health Centre.

He studied up to Class 7 at Little Flower School, Kundara; Classes 8 to 10 at Chinmaya Vidyalaya, Kollam; completed Plus Two at SNSM HSS, Elampalloor; and earned his B.Tech in Electrical and Electronics Engineering (EEE) from TKM Engineering College, Kollam.

Though he was academically strong during school, his Plus Two and engineering years were more average. After Plus Two, he repeated entrance coaching for a year at P.C. Thomas Institute, Thrissur, and secured admission to TKM. However, those college years did not unfold as he had hoped — academically and artistically, that period were challenging.

After B.Tech, while clearing supplementary exams and struggling to find employment, it was his father who encouraged him to prepare for bank exams. He trained for six months at TIME Coaching Centre in Kollam. His determined effort paid off — on July 30, 2010, he joined Allahabad Bank as a clerk in Kozhikode. He was promoted as Officer in 2014. Following bank mergers, he is now part of Indian Bank, serving as a Loan Officer at the Kakkanad branch.

His ten years at Allahabad Bank were filled with deep friendships and meaningful memories. In 2019, he was posted to Mumbai as a Forex Officer — a phase that brought maturity to his professional life.

Cricket, which he had set aside during college, returned to his life after he moved back to Ernakulam. From 2018, he captained Allahabad Bank's inter-bank team, and from 2021, Indian

Bank’s team. Among several achievements, the “Man of the Match” award against UCO Bank in last year’s Bankers’ Club Tournament remains a cherished memory.

He was a good singer during his school days and the favourite student of his music teacher, Shantha Teacher. The prizes he won then — glasses, plates, soap boxes — felt as precious as Filmfare awards. The lack of formal classical training later became a limitation, but in 2023 he resumed his music lessons online, determined to improve and refine his singing.

Poetry is another cherished passion. He used to write poems in school and is now working towards publishing his first poetry collection. He is also active in TB’s poetry group, “Ka, Kavitha, Kavyadhwani.” He expresses his gratitude for introducing him to TB, to TB’s own Sudhy, who is also his colleague. He has also assisted Sudhy in directing a few short films. He says TB is the one motivational source that pushes him to sing and write poems better.

At the Kozhikode TB Meet, a song written by Karthik and sung by TB’s own Renjini Renjith —

“Kallayippuzhayude Theeram
Kalkandappodi pole madhuram
Monjathi pennin kayyile
Mailanji poloru chandam
Thenoorum mohabbathin imbam…”

— received immense appreciation.

With his melodies and her anklet chimes, nurturing their talents in the world of arts, this young couple continues to move forward — together.

The Talented Bankers family extends its warmest wishes to them.

When two hearts beat as one, may the fragrance of their art spread farther and wider still.